# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7363 — 14.7.2014-ൽ മറുപടിക്ക്

### സമ്പൂർണ്ണ ശുചിത്വ യജ്ഞ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. പി. വിൻസെന്റ്<br>,, ഷാഫി പറമ്പിൽ<br>,, വി. പി. സജീന്ദ്രൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) | |
| (എ) | നഗരങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്തമായുള്ള സമ്പൂർണ്ണ ശുചിത്വയജ്ഞ പരിപാടികൾ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഭവന നിർമ്മാണ നഗര ദാരിദ്ര്യ നിർമ്മാർജ്ജന മന്ത്രാലയത്തിൻ കീഴിൽ നഗരപ്രദേശങ്ങളിൽ ഐ.എൽ.സി.എസ്. എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഒരു കക്കൂസ് നിർമ്മിക്കുന്നതിന് പരമാവധി ചെലവ് 10,000 രൂപയാണ്. പ്രോജക്ടിന്റെ 75% തുക കേന്ദ്ര സർക്കാരും 15% തുക സംസ്ഥാന സർക്കാരും 10% തുക ഗുണഭോക്താവും വഹിക്കുന്നതാണ്. സംസ്ഥാന വിഹിതം മുൻസിപ്പാലിറ്റികൾ കണ്ടെത്തേണ്ടതാണ്. പെരിന്തൽമണ്ണ, ഒറ്റപ്പാലം, മൂവാറ്റുപുഴ, നോർത്ത് പറവൂർ, ഷൊർണ്ണൂർ, കൊയിലാണ്ടി, മലപ്പുറം, കാഞ്ഞങ്ങാട് എന്നീ മുനിസിപ്പാലിറ്റികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) & (സി) | നഗരങ്ങളിലെ ശുചിത്വവും, പൊതു ആരോഗ്യവും പരിപാലിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. വെളിമ്പ്രദേശത്തെ മലവിസർജ്ജനം ഒഴിവാക്കൽ, വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം, നിലവിൽ ഡ്രൈ ലാട്രിനുകൾ ഉപയോഗിക്കുന്ന കുടുംബങ്ങളിൽ അവയ്ക്ക് പകരം ചെലവ് കുറഞ്ഞ പോർ ഫ്ളഷ് കക്കൂസുകൾ ലഭ്യമാക്കുക, കക്കൂസ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത ദരിദ്രകുടുംബങ്ങൾക്ക് ചെലവ് കുറഞ്ഞ എന്നാൽ ശുചിത്വം ഉറപ്പുവരുത്തുന്ന തരത്തിലുള്ള കക്കൂസുകൾ ലഭ്യമാക്കുക. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ചെയ്യുന്ന രീതി ഒഴിവാക്കി കൊണ്ട് നഗര ശുചിത്വം ഉറപ്പുവരുത്തുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. |
| (സി) | സംസ്ഥാനത്തെ നഗരങ്ങളിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദമാക്കുമോ; | | |
| (ഡി) | പരിപാടി നടപ്പാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള സാമ്പത്തിക സഹായം മുനിസിപ്പാലിറ്റികൾക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ